# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേന്ദ്ര പുനരധിവാസ നിയമം</u>

4412 ശ്രീ. വർക്കല കഹാർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ.സി. ബാലകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേന്ദ്ര പുനരധിവാസ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഈ നിയമം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റികളേയും വിദഗ്ദ്ധ സമിതികളേയും നിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനോടനുബന്ധിച്ചിട്ടുള്ള നിയമങ്ങളും മറ്റും രൂപപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഭൂരഹിതരില്ലാത്ത കേരളം</u>

4413 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിപ്രകാരം നടപ്പു വർഷം പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അന്യജില്ലകളിൽ ഭൂമി ലഭിച്ചവർ</u>

4414 ശ്രീ. എസ്. ശർമ്മ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. പ്രദീപ് കുമാർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ ഭൂമി അനുവദിക്കപ്പെട്ട കുടുംബങ്ങളിൽ ഭൂമി ഏറ്റെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഉപയോഗപ്രദമല്ലാത്തതും വിദൂരജില്ലകളിലുമായി ഭൂമി ലഭിച്ചവർ ഭൂമി ഏറ്റെടുക്കുന്നതിന് വിമുഖത കാണിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' യിൽ ലഭിച്ച അപേക്ഷകൾ</u>

4415 ശ്രീ.പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയിൽ ഭൂമി ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നു പറയാമോ; ഇവർക്ക് ഭൂമി നൽകുന്നതിന് എത്ര ഹെക്ടർ ഭൂമി വേണമെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഇതിനോടകം എത്ര പേർക്ക് ഭൂമി നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ശേഷിച്ച അപേക്ഷകർക്ക് എത്ര നാളിനുള്ളിൽ ഭൂമി വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിത കേരളം പദ്ധതി -കാസർകോട് ജില്ല</u>

4416 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കാസർകോട് ജില്ലയിൽ നിന്നുള്ള അപേക്ഷകർക്ക് അതേ ജില്ലയിൽത്തന്നെ ഭൂമി അനുവദിക്കുമോ;

(സി) മറ്റു ജില്ലകളിൽ നിന്നുള്ള അപേക്ഷകർക്ക് രണ്ടാം ഘട്ടത്തിൽ കാസർകോട് ജില്ലയിൽ ഭൂമി നൽകുന്നുണ്ടോ; എങ്കിൽ അത്തരത്തിൽ എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളത്?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പാലക്കാട് ജില്ല</u>

4417 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം വിതരണം ചെയ്യാനായി പാലക്കാട് ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി എവിടെയെല്ലാമാണ്; സ്ഥലവും, അളവും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ എവിടെയെങ്കിലും ഇത്തരം ഭൂമിയിൽ കഴിയുന്നവരെ കുടിയിറക്കിയിട്ടുണ്ടോ; എവിടെയെല്ലാമാണ് കുടിയിറക്കിയിട്ടുള്ളത്; എത്ര കുടുംബങ്ങളെ കുടിയിറക്കിയിട്ടുണ്ട്;

(സി) എവിടെയെല്ലാം കുടിയിറക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്;

(ഡി) ഏറ്റെടുത്ത ഭൂമിയെല്ലാം വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് വിതരണം ചെയ്തത്; ഏറ്റെടുത്തതിൽ ഏതെല്ലാം ഭൂമിയാണ് വിതരണം ചെയ്യാനുള്ളത്;

(ഇ) വിതരണത്തിനായി റവന്യൂ പുറമ്പോക്ക് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ലഭിച്ച ഭൂമിയുടെ വാസയോഗ്യത</u>

4418 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിതരുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഏതു വർഷം കണ്ടെത്തിയ കണക്കാണുള്ളത്;

(ബി) ഈ സർക്കാർ വന്നതിന് ശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ട്; ഒരാൾക്ക് നൽകിയ ഭൂമിയുടെ അളവെത്ര; ഭൂമി ലഭിച്ചവരുടെ എണ്ണവും ലഭിച്ച സ്ഥലവും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) എത്ര പേർ ഭൂമിയുടെ പട്ടയവും, റവന്യൂ രേഖകളും കൈപ്പറ്റി ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ നൽകുമോ;

(ഡി) വാസയോഗ്യമല്ലാത്ത ഭൂമി എന്നാരോപിച്ച് രേഖകൾ കൈപ്പറ്റാത്തവരുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; ഏതെല്ലാം ഭൂമിയാണ് വാസയോഗ്യമല്ല എന്ന് കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് പകരം വാസയോഗ്യമായ ഭൂമി നൽകുമോ; എത്ര പേരാണ് ഇപ്രകാരം കൈപ്പറ്റാനുള്ളത്?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട
ഭൂരഹിതർക്ക് ഭൂമി

4419 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ടി വിഭാഗത്തിൽപ്പെട്ട എത്ര പേരെയാണ് ഭൂരഹിതരായി റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ഈ സർക്കാരിന്റെ കാലത്തുതന്നെ ടി വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സിറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം വിതരണം ചെയ്ത ഭൂമി</u>

4420 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സീറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം ഏതെല്ലാം ജില്ലയിലുള്ള എത്ര പേർക്ക് വീതമാണ് അന്യജില്ലകളിൽ ഭൂമി നൽകിയത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>സീറോലാന്റ്ലെസ് സ്കീം മുഖേന പട്ടികജാതിക്കാർക്ക് വിതരണം ചെയ്ത ഭൂമി</u>

4421 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീറോലാന്റ്ലെസ് പ്രോഗ്രാം വഴി സംസ്ഥാനത്തെ എത്ര പട്ടികജാതിക്കാർക്ക് എത്ര ഭൂമി വിതരണം ചെയ്തുവെന്നതിന്റെ ജില്ല തിരിച്ച കണക്ക് നൽകാമോ;

(ബി) എത്ര പട്ടികജാതിക്കാർക്ക് ഇനിയും ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>സീറോലാന്റ്ലെസ് സ്കീം</u>

4422 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീറോലാന്റ്ലെസ് സ്കീമിൽ ഉൾപ്പെടുത്തി പതിച്ചുകൊടുക്കാൻ നിശ്ചയിച്ച ഭൂമിയിൽ 50 വർഷമായി ഉപയോഗിക്കുന്ന റോഡുകൾ പോലും പൊട്ടുന്നുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പതിച്ചുനൽകുന്നത് നിർത്തിവെക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ</u>

4423

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട് എന്ന് റവന്യൂ വകുപ്പിന് അറിയാമോ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലാണെന്നും എത്ര കുടുംബങ്ങൾ വീതമാണെന്നും വിശദമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പട്ടയം നൽകിയിട്ടും ഭൂമി ലഭിക്കാത്തവർ</u>

4424 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി ഒന്നിനുശേഷം പട്ടയമേളയിലൂടെയും അല്ലാതെയും പട്ടയം നൽകിയ എത്രപേർക്ക് ഇനിയും ഭൂമി ലഭിക്കുവാനുണ്ട്;

(ബി) ഇവർക്ക് വിദൂരജില്ലയിൽ ഒരു കുടുംബത്തിന് മൂന്ന് സെന്റ് ഭൂമി വീതം നൽകുമ്പോൾ അവരുടെ ജീവിത മാർഗ്ഗത്തിനായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും തയ്യാറായിട്ടുണ്ടോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അങ്കമാലി നിയോജകമണ്ഡലത്തിൽ കർഷകർക്ക് പട്ടയം</u>

4425 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ പാണ്ടുപാറ പ്രദേശത്ത് വർഷങ്ങളായി ഭൂമി കൈവശം വച്ച് വരുന്ന കർഷകരിൽ പട്ടയം ലഭിക്കേണ്ടവരുടെ ലിസ്റ്റ് ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ചട്ടപ്രകാരം പൂർത്തീകരിക്കേണ്ട നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഇവർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പുഴ പുറമ്പോക്കിൽ താമസിക്കുന്നവർക്ക്
കൈവശാവകാശരേഖ</u>

4426 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുഴ പുറമ്പോക്കിൽ താമസിക്കുന്ന എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈവശാവകാശരേഖ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി

4427 ശ്രീ. പി. കെ. ഗുരുദാസൻ
,, രാജൂ എബ്രഹാം
,, കെ. കെ. ജയചന്ദ്രൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചു കൊണ്ട് ഉത്തരവ് ഇറക്കിയിരുന്നോ; ഉത്തരവിൽ അപാകത ഉണ്ടായിരുന്നോ;

(ബി) ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഉത്തരവിലെ അപാകത ഭൂമി ഏറ്റെടുക്കൽ നടപടി നീളുന്നതിന് കാരണമായിട്ടുണ്ടോ;

(ഡി) ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ പിന്നീട് സ്ഥലം മാറ്റുകയുണ്ടായോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പതിച്ചു നൽകിയ ഭൂമിക്ക് നിശ്ചയിച്ച വില</u>

4428 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുത്തക പ്പാട്ടത്തിനു നൽകിയിരുന്ന എത്ര ഏക്കർ ഭൂമി ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പതിച്ചു നൽകിയിട്ടുണ്ടെന്നു വ്യക്ത മാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിനും വ്യക്തിക്കും പതിച്ചു നൽകിയ ഭൂമിക്ക് നിശ്ചയിച്ച വില എത്രയാണെന്നു വ്യക്തമാ ക്കുമോ;

(സി) കുത്തകപ്പാട്ടത്തിനു നൽകിയിരുന്ന ഭൂമി പതിച്ചുനൽകി യതിലൂടെ ഇക്കാലയളവിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഭൂപരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമിയായി നിശ്ചയിച്ച ഭൂമി</u>

4429 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമിയായി നിശ്ചയിച്ച ഭൂമി നിയമം നിലവിൽവരുംമുൻപുതന്നെ പതിറ്റാണ്ടുകളായി കൈവശം വച്ചനുഭവിക്കുന്ന കുടിയാൻമാർക്ക് ഇതേവരെ പട്ടയം ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വളരെക്കാലമായി കൈവശം വച്ചനുഭവിച്ചുവരികയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്ത ഭൂമിയിൽ ഉടമകൾക്ക് അവകാശമില്ലാതിരിക്കുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) തിരൂരങ്ങാടി താലൂക്കിലെ പെരുവള്ളൂർ വില്ലേജിൽ ഇത്തരത്തിലുള്ള നിരവധി ഭൂവുടമകൾ ഇതിന്റെ പേരിൽ നിയമനടപടികളിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തിരമായി അനുകൂല നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽനിന്ന് പട്ടയം സംബന്ധിച്ച അപേക്ഷകൾ</u>

4430 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വിവിധ പ്രദേശങ്ങളിൽ നിന്ന് പൊതുജനങ്ങളുടെ പട്ടയം സംബന്ധിച്ച എത്ര അപേക്ഷകൾ കോഴിക്കോട് കളക്ട്രേറ്റിൽ ലഭിച്ചിട്ടുണ്ട്; അപേക്ഷകരുടെ പേര് വിവരം, അപേക്ഷ ലഭിച്ച തീയതി, മറ്റ് വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കുമോ;

(ബി) ഈ അപേക്ഷകളിൽ നാളിതുവരെ എത്രയെണ്ണം തീർപ്പാക്കി; തീർപ്പാക്കത്തത് എത്ര; അത് ഏതെല്ലാം; തീർപ്പാക്കാൻ തടസ്സമെന്ത്; വിശദമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ സർക്കാർ ഭൂമി കയ്യേറ്റം</u>

4431 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചില സ്വകാര്യ റിസോർട്ടുകൾ സർക്കാർ ഭൂമി കൈയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് റിസോർട്ടുകൾ കൈയ്യേറിയ ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

ദീര്‍ഘകാല പാട്ടത്തിന് നല്‍കിയ റവന്യൂ ഭൂമികള്‍

4432 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റവന്യൂഭൂമിയാണ് ദീര്‍ഘകാല പാട്ടത്തിന് വ്യക്തികള്‍ക്കും സ്ഥാപനങ്ങള്‍ക്കും നല്‍കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദീര്‍ഘകാല പാട്ടത്തിന് നല്‍കിയിട്ടുള്ള ഭൂമിക്ക് ഒരു ഹെക്ടറിന് നിശ്ചയിച്ചിട്ടുള്ള വാര്‍ഷിക നികുതി എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ദീര്‍ഘകാല പാട്ടത്തിന് നല്‍കിയിട്ടുള്ള ഭൂമിയുടെ വാര്‍ഷിക നികുതി അവസാനമായി വര്‍ദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വിശദമാക്കുമോ;

(ഡി) ദീര്‍ഘകാല പാട്ടത്തിന് നല്‍കിയിട്ടുള്ള ഭൂമിയുടെ വാര്‍ഷിക നികുതി കുടിശ്ശിക ഇനത്തില്‍ എത്ര തുക ഗവണ്‍മെന്റിനു ലഭിക്കുവാനുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

റവന്യൂഭൂമി ലീസിന് നൽകുന്നതിനുള്ള വ്യവസ്ഥകൾ

4433 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭൂമി സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യത്തിന് ലീസിന് നൽകുന്ന പതിവ് നിലനിൽക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസ്ഥകൾ എന്തെങ്കിലും ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ;

(സി) വിദ്യാലയങ്ങൾ, മറ്റ് പൊതുപ്രാധാന്യമുള്ള സ്ഥാപനങ്ങൾ ഇവയ്ക്കൊക്കെ മതിയായ ഭൂമി ഇല്ലാത്തതിന്റെ പേരിൽ പല ഫണ്ടുകളും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെങ്കിലും പരിഹാര നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ</u>

4434 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ ആകെ വിസ്തൃതി എത്ര;

(ബി) ഏതെല്ലാം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈവശമാണ് പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി ഉള്ളത്;

(സി) പാട്ടവ്യവസ്ഥ ലംഘിച്ചവർക്കെതിരെ ഗവൺമെന്റ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പാട്ടക്കാലാവധിയും പാട്ടവ്യവസ്ഥയും ലംഘിച്ചിട്ടുള്ള എത്ര കേസുകൾക്കാണ് ലീസ് ടെർമിനേഷൻ ഓർഡർ നൽകിയിട്ടുള്ളത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ലാൻഡ് ട്രിബ്യൂണലുകളുടെ ഓഫീസുകൾ</u>

4435 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധമായ കേസ്സുകൾ കൈകാര്യം ചെയ്യുന്ന ലാൻഡ് ട്രിബ്യൂണലുകളുടെ എത്ര ഓഫീസുകളാണ് സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നത്;

(ബി) ലാൻഡ് ട്രിബ്യൂണലുകളിലെ കേസ്സുകൾ സമയബന്ധിതമായി തീർപ്പുണ്ടാക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ലാൻഡ് ട്രിബ്യൂണലുകളുടെ ഉത്തരവിനെതിരെ അപ്പീൽ സ്വീകരിക്കുന്ന അപ്പലേറ്റ് അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

കൊട്ടക്കമ്പൂരിലെ ഭൂമി ഇടപാടുകൾ സംബന്ധിച്ച അന്വേഷണം

4436 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കൊട്ടക്കമ്പൂരിലെ ഭൂമി ഇടപാടുകൾ സംബന്ധിച്ച് അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രാഥമിക അന്വേഷണങ്ങളിൽ കണ്ടെത്തിയ അപാകതകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രത്യേക അന്വേഷണസംഘം എന്നുമുതൽ പ്രവർത്തനം ആരംഭിച്ചുവെന്നും പരിഗണനാവിഷയങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിൽ ഭരണാനുമതി ലഭിച്ച
മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

4437 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി 2013ൽ തിരുവനന്തപുരം ജില്ലയിൽ എത്ര മൈനർ ഇറിഗേഷൻ വർക്കുകൾക്ക് ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂർത്തീകരിച്ച വർക്കുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഭാഗികമായി പൂർത്തീകരിച്ച വർക്കുകൾ/എഗ്രിമെന്റ് വച്ച വർക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇത് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭരണാനുമതി നൽകിയ വർക്കുകൾ എന്ന് പൂർത്തീകരിക്കുമെന്ന് പറയാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് വിനിയോഗം</u>

4438 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ലെ വേനൽക്കാലത്ത് കുടിവെള്ളം എത്തിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽപ്പെടുത്തി എത്ര പദ്ധതികൾ നടപ്പാക്കാൻ വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ;

(ബി) നടപ്പാക്കിയ പദ്ധതികളിൽ ഏതെല്ലാം വർക്കുകൾക്ക് പ്രതിഫലം നൽകിയിട്ടില്ലായെന്ന് വ്യക്തമാക്കുമോ;

(സി) എന്ന് കരാറുകൾക്ക് പ്രസ്തുത തുക നൽകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കോവളം മണ്ഡലത്തിൽ കാലവർഷക്കെടുതികൾക്ക് ഇരയായവർക്ക് നഷ്ടപരിഹാരം</u>

4439 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈയിടെ കാലവർഷക്കെടുതി മൂലം കോവളം നിയോജക മണ്ഡലത്തിൽ കല്ലിയൂർ, വെങ്ങാന്നൂർ, വിഴിഞ്ഞം, കോട്ടുകാൽ, കാഞ്ഞിരംകുളം, കരുംകുളം, തിരുപുറം എന്നീ വില്ലേജുകളിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് എന്നേക്ക് നഷ്ടപരിഹാരം നൽകാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) 2012 ഏപ്രിൽ തൊട്ട് പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉടനടി നഷ്ടപരിഹാരം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളി മണ്ഡലത്തിൽ വേനൽമഴയിലുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം</u>

4440 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽമഴയിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായി എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര വീടുകളാണ് ഭാഗികമായി തകർന്നത്;

(സി) എത്ര തുക വീതമാണ് നഷ്ടപരിഹാരം തീരുമാനിച്ചിട്ടുള്ളത്;

(ഡി) എത്ര വീടുകൾക്കാണ് നഷ്ടപരിഹാരം വിതരണം ചെയ്തത്;

(ഇ) നഷ്ടപരിഹാരം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുന്നമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിലെ വരൾച്ചാനിവാരണ പദ്ധതികൾ</u>

4441 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 2013 വർഷം വരൾച്ചാനിവാരണ പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്ക് കേരള വാട്ടർ അതോറിറ്റിക്ക് ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും കരാറുകാർക്ക് പ്രതിഫലം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പദ്ധതികളിൽ പൂർത്തിയാക്കാത്തത്/ഭാഗികമായി പൂർത്തിയാക്കിയത് എന്നിവയുടെ പേരുവിവരം ലഭ്യമാക്കുമോ;

(ഡി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

പത്തനംതിട്ട ജില്ലയിലെ വരൾച്ചാനിവാരണവുമായി ബന്ധപ്പെട്ട മൈനർ ഇറിഗേഷൻ പദ്ധതികൾ

4442 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 2013 വർഷം വരൾച്ചാനിവാരണവുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ നടപ്പാക്കുന്നതിലേക്കായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും കരാറുകാർക്ക് പ്രതിഫലം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പദ്ധതികളിൽ പൂർത്തിയാക്കിയത്/ഭാഗികമായി പൂർത്തീകരിച്ചത് എന്നിവയുടെ പേരു വിവരം ലഭ്യമാക്കുമോ;

(ഡി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികൾ</u>

4443 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ വെള്ളപ്പൊക്കദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങളും തുകയും ലഭ്യമാക്കുമോ;

(ബി) 2013-14 ൽ മാവേലിക്കര മണ്ഡലത്തിൽ വെള്ളപ്പൊക്കദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിശദാംശങ്ങളും തുകയും ലഭ്യമാക്കുമോ;

(സി) 2014-15 ൽ മാവേലിക്കര മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം ലഭ്യമായ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ഡേറ്റാ ബാങ്ക് തയ്യാറാക്കാനായി ഏജൻസികൾ

4444 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് ഡേറ്റാ ബാങ്ക് തയ്യാറാക്കാൻ ഏതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ഏജൻസികളെയാണോ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്; സ്വകാര്യ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദീകരിക്കാമോ;

(സി) ഏജൻസികളെ ഡേറ്റാ ബാങ്ക് തയ്യാറാക്കാൻ ചുമതലപ്പെടുത്തി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇപ്പോൾ ഇതിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

നെൽവയൽ -തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച അപേക്ഷകൾ

4445 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണ്ണീർതടം-നെൽവയൽ സംരക്ഷണവുമായി ബന്ധപ്പെട്ട് എത്ര അപ്പീൽ അപേക്ഷകളാണ് പാലക്കാട് കളക്ടറേറ്റിൽ തീർപ്പുകല്പിക്കുവാനുള്ളത്;

(ബി) വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

തിരുവള്ളൂരിൽ വയൽ നികത്തിയ നടപടി

4446 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല വടകര താലൂക്ക് തിരുവള്ളൂർ വില്ലേജിൽപെട്ട നെൽവയലുകൾ വ്യാപകമായി നിരത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; ഏതെല്ലാം ഉടമകൾക്കെതിരെയാണ് പരാതി ഉയർന്നിട്ടുള്ളത്;

(സി) നെൽകൃഷി സംരക്ഷിക്കപ്പെടും എന്ന് ഉറപ്പുവരുത്തുവാൻ പ്രസ്തുത സ്ഥലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

നെടുമങ്ങാട് താലൂക്കിൽ പാറഖനനത്തിനായി പാട്ടത്തിന് നൽകിയ ഭൂമി

4447 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ എത്ര സർക്കാർ വക സ്ഥലമാണ് ഇപ്പോൾ പാറ ഖനനത്തിനായി പാട്ടത്തിന് കൊടുത്തിട്ടുള്ളത്; ആർക്കെല്ലാം, എന്നു മുതൽ, എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്നും നാളിതുവരെയുള്ള വരുമാനം എത്ര രൂപയാണ്;

(സി) മുൻ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് താലൂക്കിൽ എത്ര പേർക്ക് പാറഖനനത്തിന് സർക്കാർ വക ഭൂമിയിൽ അനുമതി നൽകിയിട്ടുണ്ട്; ആർക്കെല്ലാം;വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) നെടുമങ്ങാട് താലൂക്കിലെ മാണിക്കൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തമ്പുരാൻ പാറ-തമ്പുരാട്ടി പാറയും മാണിക്കൽ-പോത്തൻകോട് പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന വെള്ളാനിക്കൽ പാറമുകളും സംരക്ഷിക്കണം എന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ചരിത്രപ്രധാനവും പ്രകൃതിരമണീയവുമായ ഈ രണ്ട് പാറകളും പൂർണ്ണമായും സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) നെടുമങ്ങാട് താലൂക്കിൽ പതിനഞ്ച് വർഷം തുടർച്ചയായി പാട്ടത്തിനു നൽകിയ സർക്കാർ വക പാറകളുള്ള ഭൂമി എത്ര പേർക്കാണ് ഉള്ളത്; ആർക്കെല്ലാം; വില്ലേജ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ജി) പത്ത് വർഷങ്ങൾ പൂർത്തിയാക്കിയതും പാറഖനനത്തിനു നൽകിയതുമായ എല്ലാ പാട്ടഭൂമിയുടേയും പാട്ടം റദ്ദുചെയ്ത് തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>തീരദേശവാസികളുടെ പാർപ്പിട ഭൂമിക്ക് പട്ടയം</u>

4448 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' വി. എം. ഉമ്മർ മാസ്റ്റർ
'' കെ. എൻ. എ. ഖാദർ
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളുടെ വിശിഷ്യ മത്സ്യത്തൊഴിലാളികളുടെ പാർപ്പിട ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾ തൊഴിലിന്റെ ഭാഗമായി തീരദേശത്ത് തുടരാൻ നിർബന്ധിതരാണെന്ന വസ്തുത കണക്കിലെടുത്തിട്ടുണ്ടോ;

(സി) പട്ടയമില്ലാത്തത് കാരണം ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുന്ന സാഹചര്യത്തിൽ ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കണ്ടൽ ജൈവവേലി</u>

4449 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽനിന്ന് സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ജൈവവൈവിദ്ധ്യപോഷണം തുടങ്ങിയ ബഹുമുഖ നേട്ടങ്ങൾ കൈവരിക്കാനാവുന്ന കടൽത്തീര കണ്ടൽ ജൈവവേലി സംബന്ധിച്ച ഒരു പഠനനിർദ്ദേശം സംസ്ഥാന ദുരന്തനിവാരണ ഏജൻസിക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്മേൽ ഇതേവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ;

(സി) മലയോരത്തെ പാറ വൻതോതിൽ പൊട്ടിച്ച് കടൽഭിത്തി നിർമ്മിച്ച് അത് കടൽക്ഷോഭത്തിൽ തകർന്നടിയുന്ന ദുരന്തം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും വമ്പിച്ച സാമ്പത്തികനഷ്ടവും ഒഴിവാക്കാൻ കണ്ടൽ ജൈവവേലി എന്ന ആശയം സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>നദീസംരക്ഷണ നിയമം</u>

4450 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, പി. ശ്രീരാമകൃഷ്ണന്‍
,, എം. ചന്ദ്രന്‍
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നദീസംരക്ഷണ നിയമം നടപ്പിലാക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നിയമത്തില്‍ വ്യവസ്ഥ ചെയ്തിട്ടുള്ള നദീസംരക്ഷണ സേനയ്ക്ക് രൂപം നല്‍കിയിട്ടുണ്ടോ; സേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും വിശദമാക്കുമോ;

(സി) നദീസംരക്ഷണ നിയമം നിലവില്‍വന്നിട്ടും സംസ്ഥാനത്ത് വ്യാപകമായി മണല്‍കൊള്ള നടക്കുന്ന കാര്യം അറിവുള്ളതാണോ;

(ഡി) മണല്‍ കൊള്ള തടയുന്നതിനും നദീതീരസംരക്ഷണത്തിനും ഫലപ്രദമായ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കോരപ്പുഴ നദീതട സംരക്ഷണം</u>

T4451 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി - എലത്തൂർ നിയോജക മണ്ഡലത്തിന്റെ അതിർത്തിയിലുള്ള കോരപ്പുഴ അഴിമുഖത്ത് മണ്ണടിയുന്നതു മൂലം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ പൊതുജനങ്ങൾക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടും പുഴയുടെ ഒഴുക്ക് നഷ്ടപ്പെട്ട് മലിനപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടോ മറ്റ് ഫണ്ടുകളോ ഉപയോഗിച്ച് കോരപ്പുഴ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോരപ്പുഴ നദീതടം സംരക്ഷിക്കുന്നതിന് കോരപ്പുഴ സംരക്ഷണ സംയുക്ത സമര സമിതി സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>അച്ചൻകോവിലാറിന്റെ സംരക്ഷണം</u>

T4452 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അച്ചൻകോവിലാറിന്റെ അച്ചൻകോവിൽ ക്ഷേത്രത്തിന് സമീപമുള്ള കര ഇടിഞ്ഞ് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആറിന്റെ കരഭാഗം കെട്ടി സരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് കൊല്ലം ജില്ലാ റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റ്പ്രകാരമുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതി മുഖേന തൂക്കുപാലം നിർമ്മാണം</u>

4453 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പുത്തിഗെ പഞ്ചായത്തിലെ കന്തൽ പജ്ജ്വാന, എൺമകജെ പഞ്ചായത്തിലെ അടർക്ക സ്ഥല എന്നീ സ്ഥലങ്ങളിൽ റിവർമാനേജ്മെന്റ് ഫണ്ടിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി തൂക്കുപാലം നിർമ്മിക്കണമെന്ന നിരന്തരമായ ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് എലത്തൂർ നിയോജകമണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ</u>

T4454 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പഞ്ചായത്തും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പുരോഗതി വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

4455 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ പാലക്കാട് ജില്ലയിൽ എത്ര തുകയാണ് അവശേഷിക്കുന്നത്;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞവർഷം നടത്തിയ ''പുഴസംരക്ഷണ പദ്ധതികൾ'' എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ;

(സി) നദീതീര സംരക്ഷണത്തിനല്ലാതെ ഈ ഫണ്ടിൽ നിന്നും പാലക്കാട് ജില്ലയിൽ തുക വിനിയോഗിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;

(ഡി) ജില്ലയിലെ പുഴകയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി പ്രത്യേകം കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മണലെടുക്കാൻ കഴിയാത്ത റവന്യൂ കടവുകൾ</u>

4456 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മുൻസിപ്പാലിറ്റി പരിധിയിൽ ഭാരതപ്പുഴയിൽ നിന്ന് മണൽ വാരുന്നതിന് റവന്യൂ കടവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിന്ന് ഇപ്പോൾ മണൽ എടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) 2014 ജനുവരി 1-ന് ശേഷം മലപ്പുറം ജില്ലയിൽ ഭാരതപ്പുഴയിലെ ഏതെങ്കിലും കടവുകളിൽ നിന്ന് മണൽ എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) പൊന്നാനിയിൽ മണലെടുക്കാൻ കഴിയാത്തതുമൂലം അംഗീകൃത തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണെന്ന കാര്യം അറിയാമോ;

(ഇ) ഇവരെ മറ്റുകടവുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് കിള്ളിയാർതീരത്ത് അനധികൃത കയ്യേറ്റങ്ങൾ</u>

4457 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കിള്ളിപ്പാലം മുതൽ ചിറമുക്ക് വരെയുള്ള കിള്ളിയാർതീരത്ത് അനധികൃത കയ്യേറ്റങ്ങൾ ഉണ്ടാകുന്നതു കാരണം കിള്ളിയാറിന്റെ വീതികുറഞ്ഞ് വെറും നീർച്ചാലായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ;

(സി) ടി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുത്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഇ-മണൽ രജിസ്ട്രേഷൻ</u>

4458 ശ്രീ. ഇ ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇ-മണൽ സംവിധാനത്തിലെ അപാകത അന്വേഷിക്കാൻ വിജിലൻസ് അന്വേഷണം നടത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2014 ജനുവരി ഒന്നു മുതൽ മെയ് 31 വരെ എത്ര പേരാണ് ഇ-മണൽ രജിസ്റ്റർ ചെയ്തതെന്നും, അവരിൽ എത്ര പേർക്കാണ് ഇ-മണൽ അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഇ-മണൽ ഓൺലൈൻ ബുക്കുചെയ്യാനുള്ള സമയ ക്രമീകരണം വിശദമാക്കാമോ; രാത്രി 11 മണിക്ക് ശേഷം ചില കേന്ദ്രങ്ങളിൽ മാത്രമായി ബുക്കിങ്ങുകൾ നടന്നുവെന്ന പരാതി ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>മണൽ കടത്തിനെതിരെ സ്വീകരിച്ച നടപടികൾ</u>

4459 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ കടത്തിൽ ഏർപ്പെട്ട് പിടികൂടപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടിയെടുക്കാനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായി നടപടിയെടുക്കാത്തതുമൂലം എത്രപേർ കോടതി നടപടികളിൽ നിന്നും രക്ഷപ്പെട്ടുവെന്ന കണക്ക് ജില്ല തിരിച്ച് നൽകാമോ;

(സി) കണ്ടുകെട്ടിയ മണൽ കുറഞ്ഞ നിരക്കിൽ വിറ്റത് മൂലം ഖജനാവിനുണ്ടായ റവന്യൂ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പാലക്കാട് പോളിടെക്നിക്കിന്റെ സ്ഥലം കയ്യേറിയ സംഭവം</u>

4460 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പോളിടെക്നിക്കിനു വേണ്ടി സർക്കാർ ഏറ്റെടുത്ത് നൽകിയ സ്ഥലത്ത് ഭൂമാഫിയ മണ്ണിട്ട് നികത്തിയതായി സർക്കാറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് ഇത്തരത്തിൽ കൈയേറിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ മണ്ണിട്ട് നികത്താൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് ഇതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുകയോ നടപടി എടുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

**കാസര്‍ഗോഡ് ജില്ലയില്‍ കുറ്റിക്കോല്‍ ഗവണ്മെന്റ് ഹൈസ്കൂളിന് കെട്ടിടം നിര്‍മ്മിക്കുന്നതിന് സ്ഥലം**

4461 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ കുറ്റിക്കോല്‍ ഗവണ്മെന്റ് ഹൈസ്കൂളിന് കെട്ടിടം നിര്‍മ്മിക്കുന്നതിന് കുറ്റിക്കോല്‍ വില്ലേജിലെ ആര്‍.എസ്.നം.149/2ല്‍പ്പെട്ട 6.50 ഏക്കര്‍ ഭൂമി കൈമാറികിട്ടുന്നതിനായി കാസര്‍ഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടര്‍ അപേക്ഷ നല്‍കിയിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ:

(ബി) ഈ സ്ഥലം കൈമാറുന്നതിനായി ഡി.ഡി അപേക്ഷ നല്‍കിയിട്ട് എത്ര മാസമായി; നിലവില്‍ ഈ പ്രൊപ്പോസലിന്റെ സ്ഥിതി ഏത് അവസ്ഥയിലാണുള്ളതെന്ന് വിശദമാക്കാമോ;

(സി) സ്ഥലം നല്‍കാനുള്ള പ്രൊപ്പോസല്‍ എന്ന് സര്‍ക്കാറിലേക്ക് സമര്‍പ്പിക്കാനാവും എന്ന് അറിയിക്കാമോ;

(ഡി) വാടകകെട്ടിടത്തില്‍ പ്രവര്‍ത്തിക്കുന്ന സ്കൂളായതിനാലും വിവിധ ഏജന്‍സികളില്‍ നിന്നും കെട്ടിടം നിര്‍മ്മിക്കുന്നതിനുള്ള ഫണ്ട് ഉള്ളതുകൊണ്ടും സര്‍ക്കാര്‍ സ്കൂള്‍ എന്ന പരിഗണന നല്‍കി അഡ്വാന്‍സ് പൊസഷന് സമര്‍പ്പിച്ച അപേക്ഷ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം എന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയ്ക്ക്
ഭൂമി ഏറ്റെടുക്കൽ</u>

4462 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാനുണ്ടോ; ഏതൊക്കെ വില്ലേജുകളിലെ എത്ര ഭൂമിയാണ് ഇനിയും ഏറ്റെടുക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു വില്ലേജുകളിലെല്ലാം ഈ നടപടി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ടി വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കൽ നടപടി അനിശ്ചിതമായി നീണ്ടുപോകാൻ ഇടയാക്കിയത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുക്കൽ നടപടികൾ വൈകുന്നതുമൂലം പൊതുമരാമത്ത് വകുപ്പ് ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അനിശ്ചിതമായി മാറ്റിവെയ്ക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഫ്ളഡ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്ന റോഡുകൾ</u>

4463 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഫ്ളഡ് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്;

(ബി) ഭരണാനുമതി ഉത്തരവ് നമ്പർ, ഭരണാനുമതി തുക, പ്രവൃത്തിയുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) പൂർത്തിയാവാത്ത പ്രവൃത്തികൾ ഏതെല്ലാം; ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം; ആരംഭിക്കാതിരിക്കാൻ കാരണമെന്ത്; വിശദമാക്കാമോ;

(ഡി) ഫ്ളഡ് ഫണ്ട് റോഡുകൾ ഭരണാനുമതി ലഭിച്ച് 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കണം എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ;

(ഇ) ഫ്ളഡ് ഫണ്ട് വർക്കുകളുടെ പുരോഗതി മോണിറ്റർ ചെയ്യുന്നത് ആരാണ്; ഇടവേളകളിൽ മോണിറ്റർ ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരമെന്ത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള ഭൂമി</u>

4464 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ, ബാലുശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോവിലകം താഴെ പാലത്തിന്റെ കോട്ടൂർ ഭാഗത്ത് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അധികൃതർ എപ്പോഴെങ്കിലും റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ?

(സി) അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമിയിൽ എത്ര മാത്രം പൊതുഭൂമി, സർക്കാർ പുറംമ്പോക്ക്/പുഴ/ പുഴയോരം തുടങ്ങിയ ഇനത്തിലും, സ്വകാര്യഭൂമിയായും ഉണ്ടെന്ന് കണ്ടെത്തുകയും അതിർത്തി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ</u>
<u>മിനി സിവിൽ സ്റ്റേഷൻ</u>

T4465 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മിനി സിവിൽ സ്റ്റേഷൻ പണിയുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന് ശേഷം ഈ കാര്യത്തിൽ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനം മുന്നോട്ട് വന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

നെയ്യാറ്റിൻകര സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങൾ

4466 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ പൊതു ജനങ്ങൾക്കും, ജീവനക്കാർക്കും വാഹന പാർക്കിംഗ്, പ്രാഥമികാവശ്യങ്ങൾ എന്നിവ നിർവഹിക്കുന്നതിന് നിലവിൽ എന്ത് സൗകര്യമാണുള്ളത്;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സിവിൽ സ്റ്റേഷൻ കോംപൗണ്ടിൽ നിലവിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാടക കിട്ടുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) വാടക കിട്ടുന്നില്ലെങ്കിൽ ഈ അനധികൃത സ്വകാര്യ സ്ഥാപനങ്ങൾ പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക ലഭ്യമാകാത്തതിന്റെ കാരണം

4467 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ അർക്കന്നൂർ ചരുവിള പുത്തൻവീട്ടിൽ (ഇളമാട് വില്ലേജ്) അജിൻ വാഹനാപകടത്തിൽ മരണപ്പെട്ടതിനെതുടർന്ന് പിതാവ് കുഞ്ഞുപിള്ള സമർപ്പിച്ച അപേക്ഷപ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 28410/ഡി. ആർ. എഫ്/സി.എം/2013 തീയതി 02.09.13 പ്രകാരം ഒരു ലക്ഷം രൂപ അനുവദിച്ച് ഡി. ആർ. എഫ് സെക്ഷന് കൈമാറിയ ഫയലിന്മേൽ എന്തു തുടർനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ടി കുഞ്ഞുപിള്ളയ്ക്ക് ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക ഇതുവരെയും ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുക എത്രയുംവേഗം ലഭ്യമാകാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം</u>

4468 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബനാഥന്റെ മരണത്തെത്തുടർന്ന് ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാസർകോഡ് താലൂക്ക് ഓഫീസിൽ ഇത്തരം അപേക്ഷകളിൽ കാലവിളംബം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഓഫീസിൽ ഏതു തീയതി മുതലുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന് വിശദമാക്കുമോ;

(സി) ശ്രീമതി എം. വി. ലീലയുടെ മരണാനന്തര അവകാശ സർട്ടിഫിക്കറ്റിന് ഭർത്താവ് ശ്രീ. പി. വി. ബാലൻ 17.06.2013-ന് സമർപ്പിച്ച അപേക്ഷ നൽകിയിട്ട് ഗസറ്റ് നോട്ടിഫിക്കേഷനയക്കാൻ 25.03.2014 വരെ കാലവിളംബം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ; ഇത്തരത്തിൽ 2013 ലെ എത്ര അപേക്ഷകളിൽ കാലവിളംബം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും സ്റ്റാഫ് പാറ്റേണും</u>

4469 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം അമിതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വർദ്ധിച്ച ജോലിഭാരത്തിനനുസരിച്ച് വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുനക്രമീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലയിൽ ഓൺലൈനായി വിവിധ സർട്ടിഫിക്കറ്റുകൾക്ക് ലഭിച്ച അപേക്ഷകൾ**

4470 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിന്ന് 2014 ജനുവരി മുതൽ മേയ് മാസം വരെ ഓൺലൈനായി വിവിധ സർട്ടിഫിക്കറ്റുകൾക്ക് ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു എന്നു വ്യക്തമാക്കാമോ; ഈ അപേക്ഷയിൽ എത്ര എണ്ണം ഇതിനോടകം തീർപ്പാക്കിയെന്നു പറയാമോ;

(ബി) ഓൺലൈനായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ വില്ലേജ് ഓഫീസർമാർ ഇ-ഡിസ്ട്രിക്ട് പദ്ധതി അട്ടിമറിക്കാൻ ശ്രമിച്ചു എന്ന പത്രവാർത്ത വാസ്തവമാണോ എന്നു പറയാമോ; ഇപ്രകാരം വില്ലേജ് ഓഫീസർമാർ ശ്രമം നടത്തിയെങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ;

(സി) പത്രവാർത്ത തെറ്റായിരുന്നുവെങ്കിൽ ഈ വാർത്തയുടെ ഉറവിടം ഏതായിരുന്നു എന്ന വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ എന്തു നടപടിയെടുത്തു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വില്ലേജ് ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

4471 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എത്ര വില്ലേജ് ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) എല്ലാ വില്ലേജ് ആഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത് എന്ന് മുതലാണ് ;

(ഡി) മുഴുവൻ വില്ലേജ് ആഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**26.06.2014-ലെ മറുപടിക്ക്**

<u>പോക്കുവരവ് നടപടികൾ</u>

4472 ശ്രീ. എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ പോക്ക് വരവ് സംബന്ധിച്ച ഫയലുകൾ തീർപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പോക്ക് വരവ് സുഗമമാക്കുന്നതിന് റീസർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പോക്കുവരവ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാ-താലൂക്ക്തലങ്ങളിൽ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്ന പദ്ധതി</u>

4473 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ്ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജുകളെയാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജുകളെ പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വില്ലേജുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വടക്കൻ ജില്ലകളിലെ വില്ലേജ് ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത</u>

4474 ശ്രീ. ഇ.കെ വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വടക്കൻ ജില്ലകളിലെ വില്ലേജ് ഓഫീസുകളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ സേവനങ്ങൾക്കായി വില്ലേജ് ഓഫീസുകളിൽ എത്തുന്നവർക്ക് വിശ്രമിക്കുന്നതിനോ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനോ ഉള്ള സൗകര്യം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്</u>

4475 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>തിരുപുറം വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി</u>

4476 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തിരുപുറം വില്ലേജ് ഓഫീസ് കെട്ടിടം വളരെ പഴക്കം ചെന്നതും തകർന്ന് വീഴാറായ സ്ഥിതിയിലും പ്രവർത്തിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുപുറത്ത് പുതുതായി വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് നെയ്യാറ്റിൻകര എം.എൽ.എ. നൽകിയ കത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ലാൻഡ് റവന്യൂ കമ്മീഷണറുടെ പരിഗണനയിലിരിക്കുന്ന 39185/എഫ്2/2013/റവന്യൂ നം. ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

## റവന്യൂവകുപ്പിലെ സെലക്ട് ലിസ്റ്റിൽ നിന്ന് ഡെപ്യൂട്ടി തഹസിൽദാർ / ജൂനിയർ സൂപ്രണ്ടുമാരെ ഒഴിവാക്കിയ നടപടി

T4477 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ലോവർ) കെ.എസ്.& എസ്.എസ്.ആർ.-ലെ ചട്ടം 28 (ബി)(1)(7)-നു കീഴിലുള്ള കുറിപ്പ് (1)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി 2013 ഡിസംബർ 31-ാം തീയതിയിലെ 3619-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചതും തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണൽ ആഫീസിൽനിന്നുള്ള 20-12-2013-ലെ എൽ.ആർ.എഫ്.2-13000/2013 നമ്പർ വിജ്ഞാപനത്തിൽ പരസ്യപ്പെടുത്തിയിരിക്കുന്നതുമായ ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ടുമാരെ തഹസീൽദാർ/സീനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിനായി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽനിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ആരെയൊക്കെയാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ഡി) ഇവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് പറഞ്ഞിരിക്കുന്ന കാരണം കെ.എസ്. & എസ്.എസ്.ആറിന് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അകാരണമായി തടയപ്പെട്ട പ്രമോഷൻ ലഭിക്കുന്നതിനുവേണ്ടി ഒഴിവാക്കപ്പെട്ടവർ അപ്പീൽ നൽകിയിട്ടുണ്ടോ; എങ്കിൽ അപ്പീൽ നൽകിയ തീയതിയും അതിന്മേൽ സ്വീകരിച്ച നടപടിയും അറിയിക്കുമോ;

(എഫ്) നിയമവിരുദ്ധമായി സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കിയതുമൂലം അവർക്ക് നഷ്ടമായ പ്രമോഷൻ ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടി കളക്ടർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്</u>

4478 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടി കളക്ടർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്;

(ബി) ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്ത സമയത്ത് ഏതെങ്കിലും ഡെപ്യൂട്ടി കളക്ടർക്ക് ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ടോ;

(സി) ദീർഘകാലമായി ഹയർഗ്രേഡ് അനുവദിക്കാതിരിക്കാനുള്ള കാരണമെന്ത്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ഡെപ്യൂട്ടി കളക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

4479 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് ഏറ്റവും അവസാനം പ്രസിദ്ധീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡെപ്യൂട്ടി കളക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാത്ത സമയത്ത് ഏതെങ്കിലും ഡെപ്യൂട്ടി കളക്ടർക്ക് ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടോ; അർഹതയുള്ള എത്ര പേർക്കാണ് ഡെപ്യൂട്ടി കളക്ടർ ഹയർ ഗ്രേഡ് അനുവദിക്കാനുള്ളത്; സർവ്വീസിൽ നിന്നും വിരമിച്ചവർക്കുപോലും ഹയർ ഗ്രേഡ് അനുവദിക്കാത്തതിന്റെ കാരണമെന്താണ്?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ വില്ലേജ്മാൻ നിയമനം</u>

4480 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ വില്ലേജ്മാൻ തസ്തികയിലേക്ക് നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ തസ്തികയിലേക്കുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം</u>

4481 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ (കെ.എൽ.ഐ.എം) ന്റെ പ്രവർത്തനം സംബന്ധിച്ച സി.എ.ജി. റിപ്പോർട്ടിലെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കെ.എൽ.ഐ.എം. രൂപീകരിച്ചത് എന്ത് ലക്ഷ്യം നേടുന്നതിനായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; ഈ സ്ഥാപനം കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം വഴി ഏതെല്ലാം രൂപീകരണ ലക്ഷ്യങ്ങൾ നേടിയെടുത്തുവെന്ന് വിവരിക്കുമോ;

(സി) കെ.എൽ.ഐ.എം. റീസർവ്വേ നടപടികൾ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ റീസർവ്വേ പുരോഗതി</u>

4482 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തികരിക്കാൻ ബാക്കിയുള്ള വില്ലേജുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കൊച്ചി താലൂക്കിലെ റീസർവ്വെ ഉദ്യോഗസ്ഥരുടെ തസ്തികകൾ</u>

4483 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊച്ചി താലൂക്കിൽപ്പെടുന്ന ഭൂമി റീസർവ്വെ കാര്യങ്ങൾക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ തസ്തികകൾ എത്രയെന്നും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ഭൂമി റീ സർവ്വേ ചെയ്തു കിട്ടുന്നതിൽ കാലതാമസം</u>

4484 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഭൂമി റീ സർവ്വേ ചെയ്തു കിട്ടുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി റീ സർവ്വേ ചെയ്തു കിട്ടുന്നതിനുള്ള അപേക്ഷകളിൽ നിശ്ചിത സമയത്തിനുള്ളിൽ പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

ലീഗൽ മെട്രോളജി വകുപ്പിന്റെ ആധുനികവൽക്കരണം

4485 ശ്രീ. കെ. മുരളീധരൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ബെന്നി ബെഹനാൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകൾ വകുപ്പിൽ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വകുപ്പിന്റെ ശാക്തീകരണത്തിനും പ്രവർത്തനത്തിനുമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>കയർമേള 2014</u>

4486 ശ്രീ. സി. പി. മുഹമ്മദ്
'' പി. സി. വിഷ്ണുനാഥ്
'' റ്റി. എൻ. പ്രതാപൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർമേള 2014 സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കയർ മേഖലയുടെ വിപണി വികസിപ്പിക്കുന്നതിനും കയർ മേഖലയിൽ ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് മേളയോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 26.06.2014-ലെ മറുപടിക്ക്

<u>രാജ്യാന്തര കയർ മ്യൂസിയം</u>

4487 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം.എ വാഹിദ്
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജ്യാന്തര കയർ മ്യൂസിയം ഉത്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കയർമേഖലയിലെ ആഭ്യന്തര വിദേശ വിപണി മെച്ചപ്പെടുത്താൻ ഇതിന്റെ പ്രവർത്തനം എത്രമാത്രം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ആകർഷണങ്ങളാണ് മ്യൂസിയത്തിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കയർ കേരള 2014-ന്റെ ഭാഗമായി ബയർ-സെല്ലർ സംഗമം</u>

4488 ശ്രീ. എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ കേരള 2014-ന്റെ ഭാഗമായി ബയർ-സെല്ലർ സംഗമം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കയർ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ നടത്തിയത് വിശദാംശങ്ങൾ എന്തെല്ലാം;

(സി) രാജ്യാന്തര കയർ വ്യാപാരികളുടെ ശ്രദ്ധ ആകർഷിക്കാൻ ഈ സംഗമത്തിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

കയർ മേഖലയിൽ സ്റ്റാർട്ട് അപ്പ് ഇൻകുബേറ്റർ

4489 ശ്രീ. പാലോട് രവി
'' അൻവർ സാദത്ത്
'' എ. റ്റി. ജോർജ്
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ സ്റ്റാർട്ട് അപ് ഇൻകുബേറ്റർ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിവരിക്കുമോ ;

(സി) കയർ മേഖലയിൽ യുവ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കയറുല്പന്നങ്ങളുടെ കയറ്റുമതി</u>

4490 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കയർ വികസന വകുപ്പിന് കീഴിലുള്ള ഓരോ സ്ഥാപനവും എത്ര രൂപയ്ക്കുള്ള കയറുല്പന്നങ്ങൾ കയറ്റി അയച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ വർഷം നടത്തിയ കയറ്റുമതിയിൽ പരമ്പരാഗത ഉല്പന്നങ്ങളായ ഫൈബർ മാറ്റുകൾ, കാർപ്പറ്റുകൾ, കയറുപായ എന്നിവ എത്ര അളവിലും എന്തു തുകയ്ക്കും കയറ്റുമതി ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ വർഷം എത്ര ചതുരശ്രമീറ്റർ, പി. വി. സി. ടഫ്റ്റഡ് മാറ്റുകൾ കയറ്റുമതി ചെയ്തുവെന്നും അതിന്റെ മൂല്യം എത്രയെന്നും സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

എൻ. സി. ആർ. എം. ഐ. വികസിപ്പിച്ചെടുത്ത കയർ പിരിയന്ത്രങ്ങൾ

4491 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എൻ. സി. ആർ. എം. ഐ.യുടെ നേതൃത്വത്തിൽ പുതിയ കയർ പിരിയന്ത്രം വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളും പുരോഗതിയും അറിയിക്കുമോ ?

# കേരള നിയമസഭ
## 26.06.2014-ലെ മറുപടിക്ക്

<u>കുമ്പള, മൊഗ്രാലിൽ കയർ സെന്റർ</u>

4492 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ മൊഗ്രാലിൽ കയർഫെഡിന്റെ ഒരേക്കർ മുപ്പത് സെന്റ് സ്ഥലം വർഷങ്ങളായി വെറുതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി കയർഫെഡിന്റെ ഒരു സ്ഥാപനം തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് "Providing infrastructure facility for boring coir products display centre and common facility centre for coir product” എന്ന പ്രോജക്ട് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ കയർഫെഡ്, കയർ വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രൊപ്പോസൽ മൊഗ്രാലിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?